K.C.B.C. MADYAVIRUDHA SAMITHI
(Kerala Catholic Bishops' Council Temperance Commission)
STATE COMMITTEE
P.O.C Palarivattom, Kochi - 682 025

Chairman : Most. Rev. Dr. Yoohanon Mar Theodosius Catholic Bishop's House, Mudavoor P.O Muvattupuzha, Ernakulam Dt. 686 669
Vice-Chairmen : Most. Rev. Dr. Sebastin Thekethecheril, Vijayapuram Bishop's House, PB. Box 82 Kottayam Dt. 686001
: Most. Rev. Dr. Christudas R., Archbishop's House, Vellayambalam, Kowdiar P.O., Trivandrum 695003
General Secretary : Rev. Fr. John Areekal, St. Joseph's Catholic Church, Kuravankonam, Near Chashire Home, Kowdiar P.O., Trivandrum 695003, Tel. 9447022347, Email: johnareekal@gmail.com

**പ്രസിദ്ധീകരണത്തിന്** 21.04.2022

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി
## സംസ്ഥാന സമ്മേളനം 26 മുതൽ 28 വരെ തലശ്ശേരിയിൽ

കൊച്ചി: കെസിബിസി മദ്യവിരുദ്ധ സമിതിയുടെ 23-ാം സംസ്ഥാന സമ്മേളനം ഏപ്രിൽ 26 മുതൽ 28 വരെ തലശ്ശേരി രൂപതയിലെ ഉളിക്കലിൽ നടക്കും.

26-ന് വൈകിട്ട് 4-ന് മാർ ജോസഫ് വലിയമറ്റത്തിന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കും. തുടർന്ന് പ്രാരംഭ യോഗം നടക്കും. 27-ന് ഉച്ചകഴിഞ്ഞ് രണ്ടിന് പ്രതിനിധി സമ്മേളനം നടക്കും. 28-ന് വൈകിട്ട് 3-ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഗേറ്റിൽ നിന്നാരംഭിക്കുന്ന ബഹുജന റാലി ടൗൺ ചുറ്റി ഉളിക്കലിലെ സമ്മേളന നഗരിയിലെത്തും. തുടർന്ന് കെസിബിസി മദ്യവിരുദ്ധ സമിതി ചെയർമാൻ ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസിന്റെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിക്കും. തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യും. തലശ്ശേരി ആർച്ച് ബിഷപ്പ്എമിരറ്റസ് മാർ ജോർജ് ഞറളക്കാട്ട്, കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ജനറൽസെക്രട്ടറി ഫാ. ജോൺ അരീക്കൽ, തലശ്ശേരി അതിരൂപതാ മദ്യവിരുദ്ധ സമിതി മുക്തി ശ്രീ ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ, ശ്രീ. ഇയ്യഞ്ചേരി കുഞ്ഞുകൃഷ്ണൻ, ശ്രീമതി ഷിനോ പാറയ്ക്കൽ എന്നിവർ പ്രസംഗിക്കും. മികച്ച മദ്യവിരുദ്ധ പ്രവർത്തനത്തിനുള്ള കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷന്റെ ഒന്നാംസ്ഥാനം നേടിയ രൂപതകൾക്കുള്ള ബിഷപ്പ് മാക്കീൽ ഫൗണ്ടേഷൻ അവാർഡ് നേടിയ തലശ്ശേരി അതിരൂപതയ്ക്കും രണ്ടാംസ്ഥാനം നേടിയ തൃശൂർ അതിരൂപതയ്ക്കും പുരസ്കാരം സമ്മാനിക്കും. മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള അവാർഡ് തലശ്ശേരി അതിരൂപതാംഗമായ തങ്കച്ചൻ കൊല്ലക്കൊമ്പിലിന് നല്കും. മദ്യവിരുദ്ധ പോരാട്ടത്തിൽ മുന്നണി പോരാളികളായ മോൺ. തോമസ് കൈത്തോട്ടം, ശ്രീ. മാത്യു. എം. കണ്ടത്തിൽ എന്നിവർക്ക് വിശിഷ്ടാദരം നൽകും.

ഫാ. ജോൺ അരീക്കൽ
സെക്രട്ടറി, കെസിബിസി മദ്യവിരുദ്ധ സമിതി